LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനവ്യയ നിയന്ത്രണം നില നിന്നിരുന്നതിനാൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ല. വീണ്ടും ഈ പ്രൊപ്പോസൽ നൽകി അടിയന്തരമായി ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലപ്പുറം, വയനാട്, പത്തനംതിട്ട ജില്ലകളിലാണ് പുതിയതായി ലാബ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ മലപ്പുറം ജില്ലയിൽ അടിയന്തരമായിത്തന്നെ ലാബ് നിലവിൽ വരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (21) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാശുപത്രിയാക്കി ഉയർത്തൽ

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തണമെന്നതാണ് എന്റെ സബ്മിഷനിൽ ആവശ്യപ്പെടുന്നത്. പാലക്കാട് ഒരു മെഡിക്കൽ കോളേജ് വന്നതിനാൽ അവിടെ ജില്ലാ ആശുപത്രിയുടെ ആവശ്യമില്ല. അതുകൊണ്ടുതന്നെ ജില്ലാ ആശുപത്രിയാകാൻ എല്ലാ അർഹതയുമുള്ള, ഏറ്റവും നല്ല കെട്ടിടവും ഓപ്പറേഷൻ തീയറ്ററുമുള്ള, ഭൂമിശാസ്ത്രപരമായി പാലക്കാട് ജില്ലയുടെ ഹൃദയമായിട്ടുള്ള ഒറ്റപ്പാലത്ത് ജില്ലാ ആശുപത്രി സ്ഥാപിക്കാനാവശ്യമായ ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടം സന്ദർശിക്കുകയും ആശുപത്രിയിൽ എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നുതന്നെ ജില്ലാ ആശുപത്രിയാക്കി ഉയർത്താനുള്ള ഒരു പ്രഖ്യാപനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഒറ്റപ്പാലം, പട്ടാമ്പി, ആലത്തൂർ എന്നീ താലൂക്കുകളും നാൽപ്പത്തിയഞ്ചോളം സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന പ്രദേശത്തെ ജനങ്ങൾ ആശ്രയിക്കുന്ന ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ഒ.പി. ആയിരത്തി അഞ്ഞൂറും ഐ.പി. നൂറു മുതൽ നൂറ്റി ഇരുപതുവരെയുമാണ്. 173 കിടക്കകളാണ് ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്ന കാഷ്വാലിറ്റി, മൂന്ന് ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു., ഇ.സി.ജി., ഫാർമസി,

ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് മുതലായ വിഭാഗങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രിയാണ്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോപീഡിയാട്രിക്സ്, ഒഫ്താൽമോളജി, ഡെന്റൽ, ഇ.എൻ.ടി. മുതലായ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിനായി പണികഴിപ്പിച്ച 45000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം ഈ ആശുപത്രിയിൽ നിലവിലുണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനും അതോടൊപ്പം ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പുതുക്കിയ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (22) ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: സർ, പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ രണ്ടാം ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്ത് 3670 ക്ഷീര സഹകരണ സംഘങ്ങളിലായി ഏകദേശം 15000 ജീവനക്കാരുണ്ട്. 16 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി കേരളത്തിലെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ വഴി സംഭരിക്കുന്നത് ഈ ജീവനക്കാരാണ്. പാലിന്റെ വില രണ്ട് തവണ വർദ്ധിപ്പിച്ചത് സംഘങ്ങളുടെ ലാഭം വർദ്ധിപ്പിച്ചു. ഒന്നാം ശമ്പളപരിഷ്കരണം നിലവിൽ വന്നിട്ട് 5 വർഷം കഴിഞ്ഞിരിക്കുന്നു. സെക്ഷൻ 86 പ്രകാരം ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ചുനൽകേണ്ടത് സർക്കാരാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങൾ ബൾക്ക് മിൽക്ക് കൂളർ സ്ഥാപിച്ചതുമൂലം പാൽ സംഭരണം മൂന്ന് നേരമായി വർദ്ധിപ്പിച്ചു. ഇത് ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിച്ചു. ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസംഘം ക്ഷീരക്ഷേമ പദ്ധതികളും മിൽമാ ത്രിതല പഞ്ചായത്ത് പദ്ധതികളുംമൂലം ക്ഷീരസംഘം ജീവനക്കാരുടെ ജോലിഭാരം പതിൻമടങ്ങ് വർദ്ധിച്ചു. ഈ സാഹചര്യത്തിൽ മിൽമ ജീവനക്കാരുടെ ശമ്പള സ്കെയിലും സംഘം ജീവനക്കാരുടെ ശമ്പള സ്കെയിലും പരിശോധനയ്ക്ക് വിധേയമാക്കണം. ഏറ്റവും കുറഞ്ഞത് 3,475 രൂപയും കൂടിയത് 14,075 രൂപയും മാത്രമാണ് ഇവരുടെ ശമ്പളം. മറ്റ് മേഖലകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും ഉത്തരവുകളും നടപ്പിലാക്കുന്നതിന്റെ അടിയന്തരഘട്ടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly